**83/25 – M**

**Question Booklet Alpha Code**

**A**

A

| Question Booklet Sl. No. |
| --- |
| |

**Total Number of Questions : 100** **Time : 90 Minutes**

**Maximum Marks : 100**

## INSTRUCTIONS TO CANDIDATES

1. The Question Paper will be given in the form of a Question Booklet. There will be four versions of Question Booklets with Question Booklet Alpha Code viz. **A, B, C** & **D**.
2. The Question Booklet Alpha Code will be printed on the top left margin of the facing sheet of the Question Booklet.
3. The Question Booklet Alpha Code allotted to you will be noted in your seating position in the Examination Hall.
4. If you get a Question Booklet where the alpha code does not match to the allotted Alpha Code in the seating position, please draw the attention of the Invigilator IMMEDIATELY.
5. The Question Booklet Serial Number is printed on the top right margin of the facing sheet. If your Question Booklet is un-numbered, please get it replaced by new Question Booklet with same Alpha Code.
6. The Question Booklet will be sealed at the middle of the right margin. Candidate should not open the Question Booklet, until the indication is given to start answering.
7. Immediately after the commencement of the examination, the candidate should check that the Question Booklet supplied to him/her contains all the 100 questions in serial order. The Question Booklet does not have unprinted or torn or missing pages and if so he/she should bring it to the notice of the Invigilator and get it replaced by a complete booklet with same Alpha Code. This is most important.
8. **Question Serial No. 1 to 60 are printed both in English and in Official Language (Malayalam). Doubts regarding the meaning and translation of Question Serial No. 1 to 60 will be settled based on the Questions in English.**
9. Two blank pages are provided before the last page of this Question Paper for rough work.
10. **Please read carefully all the instructions on the reverse of the Answer Sheet before marking your answers.**
11. Each question is provided with four choices **(A), (B), (C)** and **(D)** having one correct answer. Choose the correct answer and darken the bubble corresponding to the question number using Blue or Black Ball Point Pen in the OMR Answer Sheet.
12. **Each correct answer carries 1 mark and for each wrong answer 1/3 mark will be deducted. No negative mark for unattended questions.**
13. No candidate will be allowed to leave the examination hall till the end of the session and without handing over his/her Answer Sheet to the Invigilator. Candidates should ensure that the Invigilator has verified all the entries in the Register Number Coding Sheet and that the Invigilator has affixed his/her signature in the space provided.
14. Strict compliance of instructions is essential. Any malpractice or attempt to commit any kind of malpractice in the Examination will result in the disqualification of the candidate.

A

1. Who describe Kerala as a paradise of fools where everyone was happy in his ignorance, in his superstition and his age long social bondage ?
   A) Sahodaran Ayyappan
   B) Kumaranasan
   C) Swami Vivekananda
   D) V. T. Bhattathiripad

2. Who forwarded the term Cold War in 1945 to mention the diverging interests of USA and Soviet Union ?
   A) Winston Churchill
   B) George Orwell
   C) Vladimir Lenin
   D) George F. Kennady

3. Who suggested that the Congress was a product of Lord Dufferin's brain ?
   A) Lala Lajpat Rai
   B) Bal Gangadhar Tilak
   C) Gopal Krishna Gokhale
   D) Dadabhai Naoroji

4. Which port in China was considered the only authorized port for international exchange unit in the mid-19th century ?
   A) Shanghai
   B) Canton
   C) Shenzhen
   D) Hong Kong

5. What played leading role in India's foreign policy, in the context of Cold War confrontation ?
   A) ASEAN
   B) SAARC
   C) NAM
   D) IORA

6. Which city is declared as the First City of Literature in India by UNESCO ?
   A) Calcutta
   B) Bombay
   C) Kottayam
   D) Kozhikode

7. Which among the following atmospheric layers is the densest ?
   A) Thermosphere
   B) Stratosphere
   C) Troposphere
   D) Ionosphere

8. Which among the following layers of the earth's interior is solid ?
   i. Outer core
   ii. Inner core
   iii. Upper mantle
   iv. Lower mantle

   A) i and iii
   B) ii and iv
   C) ii and iii
   D) i and ii

1. അജ്ഞതയിലും അന്ധവിശ്വാസത്തിലും കാലങ്ങളായുള്ള സാമൂഹിക അടിമത്തത്തിലും എല്ലാവരും സന്തുഷ്ടരായിരുന്ന കേരളത്തെ വിഡ്ഢികളുടെ പറുദീസ എന്ന് ആരാണ് വിശേഷിപ്പിച്ചത് ?
   A) സഹോദരൻ അയ്യപ്പൻ
   B) കുമാരനാശാൻ
   C) സ്വാമി വിവേകാനന്ദൻ
   D) വി. ടി. ഭട്ടതിരിപ്പാട്

2. യുഎസ്എയുടെയും സോവിയറ്റ് യൂണിയന്റെയും താൽപ്പര്യങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ പരാമർശിക്കാൻ 1945-ൽ ആരാണ് ശീതയുദ്ധം എന്ന പദം മുന്നോട്ടുവച്ചത് ?
   A) വിൻസ്റ്റൺ ചർച്ചിൽ
   B) ജോർജ്ജ് ഓർവെൽ
   C) വ്ലാഡിമിർ ലെനിൻ
   D) ജോർജ്ജ് F. കെന്നഡി

3. ഡഫറിൻ പ്രഭുവിന്റെ തലച്ചോറിന്റെ ഉൽപ്പന്നമാണ് കോൺഗ്രസ് എന്ന് ആരാണ് നിർദ്ദേശിച്ചത് ?
   A) ലാലാ ലജ്പത് റായ്
   B) ബാലഗംഗാധര തിലക്
   C) ഗോപാലകൃഷ്ണ ഗോഖലെ
   D) ദാദാബായ് നവറോജി

4. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യംവരെ അന്താരാഷ്ട്രാ വിനിമയത്തിനുള്ള ഏക അംഗീകൃത തുറമുഖമായി ചൈനയിലെ ഏത് തുറമുഖമാണ് കണക്കാക്കപ്പെട്ടിരുന്നത് ?
   A) ഷാങ്ഹായ്
   B) കാന്റൺ
   C) ഷെൻഷെൻ
   D) ഹോങ്കോംഗ്

5. ശീതയുദ്ധകാലത്തെ ഏറ്റുമുട്ടലിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ വിദേശനയത്തിൽ നേതൃത്വ പരമായ പങ്ക് വഹിച്ചത് എന്താണ് ?
   A) ASEAN
   B) SAARC
   C) NAM
   D) IORA

6. ഇന്ത്യയിലെ ആദ്യത്തെ സാഹിത്യ നഗരമായി യുനെസ്കോ പ്രഖ്യാപിച്ച നഗരം ഏതാണ് ?
   A) കൊൽക്കത്ത
   B) ബോംബെ
   C) കോട്ടയം
   D) കോഴിക്കോട്

7. താഴെ പറയുന്ന അന്തരീക്ഷ പാളികളിൽ ഏറ്റവും സാന്ദ്രത കൂടിയത് ഏതാണ് ?
   A) തെർമോസ്ഫിയർ
   B) സ്ട്രാറ്റോസ്ഫിയർ
   C) ട്രോപ്പോസ്ഫിയർ
   D) അയണോസ്ഫിയർ

8. ഭൂമിയുടെ ഉൾഭാഗത്തുള്ള താഴെപ്പറയുന്ന പാളികളിൽ ഏതാണ് ഖരാവസ്ഥയിലുള്ളത് ?
   i. പുറം കാമ്പ്
   ii. അക കാമ്പ്
   iii. മുകളിലെ ആവരണം
   iv. താഴത്തെ ആവരണം
   A) i and iii
   B) ii and iv
   C) ii and iii
   D) i and ii

9. The largest mangrove ecosystem in India, after the Sunderbans is
   A) Bhitarkanika in Odisha
   B) Vembanad in Kerala
   C) Pichavaram in Tamil Nadu
   D) Kaveri delta in Tamil Nadu

10. Central Institute for Horticulture is located at
    A) Jammu and Kashmir
    B) Assam
    C) Sikkim
    D) Nagaland

11. Identify the correct ascending sequence in terms of area under paddy cultivation in Kerala from among the following.
    A) Palakkad, Alappuzha, Thrissur, Kottayam
    B) Alappuzha, Kottayam, Thrissur, Palakkad
    C) Kottayam, Thrissur, Alappuzha, Palakkad
    D) Thrissur, Kottayam, Alappuzha, Palakkad

12. Which State in India was most affected by the cyclone, Biparjoy ?
    A) Gujarat
    B) Maharashtra
    C) Goa
    D) Karnataka

13. Which of the following statement is/are correct about Indian Planning ?
    i. Instead of Five Year Plan, there was a "Plan Holiday" and were only Annual Plans in India during the period 1966-69.
    ii. The Fifth Five Year Plan was terminated in its Fourth Year in 1978 due to change in Government at the Centre.
    iii. The Eighth Five Year Plan could not take off in 1990 and started only in 1992.
    A) Only i and ii
    B) Only ii and iii
    C) All of the above i, ii and iii
    D) Only i and iii

9. സുന്ദർബൻ കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലിയ കണ്ടൽക്കാടുകളുടെ ആവാസവ്യവസ്ഥ

A) ഒഡീഷയിലെ ഭിതാർകണിക

B) കേരളത്തിലെ വേമ്പനാട്

C) തമിഴ്നാട്ടിലെ പിച്ചാവരം

D) തമിഴ്നാട്ടിലെ കാവേരി ഡെൽറ്റ

10. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോർട്ടികൾച്ചർ സ്ഥിതിചെയ്യുന്നത്

A) ജമ്മു ആന്റ് കാശ്മീർ

B) അസം

C) സിക്കിം

D) നാഗാലാൻഡ്

11. കേരളത്തിൽ നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ശരിയായ ആരോഹണക്രമം താഴെ പറയുന്നവയിൽ നിന്ന് തിരിച്ചറിയുക.

A) പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം

B) ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്

C) കോട്ടയം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്

D) തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, പാലക്കാട്

12. ഇന്ത്യയിൽ ഏത് സംസ്ഥാനത്താണ് ചുഴലിക്കാറ്റ്, ബിപർജോയ് ഏറ്റവും കൂടുതൽ ബാധിച്ചത് ?

A) ഗുജറാത്ത്

B) മഹാരാഷ്ട്ര

C) ഗോവ

D) കർണാടക

13. ഇന്ത്യൻ ആസൂത്രണത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. പഞ്ചവത്സര പദ്ധതിക്ക് പകരം,1966-69 കാലയളവിൽ ഇന്ത്യയിൽ ''പ്ലാൻ ഹോളിഡേ'' ആയിരുന്നു, വാർഷിക പദ്ധതികൾ മാത്രമാണ് ഉണ്ടായിരുന്നത്.

ii. കേന്ദ്രത്തിലെ സർക്കാർ മാറ്റം കാരണം 1978-ൽ അഞ്ചാം പഞ്ചവത്സര പദ്ധതി അതിന്റെ നാലാം വർഷത്തിൽ അവസാനിച്ചു.

iii. എട്ടാം പഞ്ചവത്സര പദ്ധതി 1990-ൽ ആരംഭിക്കാൻ കഴിഞ്ഞില്ല, 1992-ൽ മാത്രമാണ് ആരംഭിച്ചത്.

A) Only i and ii

B) Only ii and iii

C) All of the above i, ii and iii

D) Only i and iii

14. Which of the following statement is/are correct about NITI Aayog ?
    i. DMEO and NILERD are the two attached/autonomous bodies comes under NITI Aayog.
    ii. The President of India serves as the Ex-officio Chairperson of NITI Aayog.
    iii. The main objective of NITI Aayog is to foster cooperative federalism and enhance the involvement of States in policy making.

    A) Only ii and iii B) Only i and ii
    C) All of the above i, ii and iii D) Only i and iii

15. Which of the following statements is/are correct about Green Revolution ?
    i. Green Revolution has helped the country in attaining self sufficiency in food grains.
    ii. High yielding variety seeds were one of the most important component of Green Revolution.
    iii. Gregor Mendel is considered as the "Father of Green Revolution".

    A) Only ii and iii B) Only i and ii
    C) All of the above i, ii and iii D) Only i and iii

16. Which of the following statement is/are correct about GST ?
    i. Integrated GST (IGST) is applicable to exports and imports in India.
    ii. In the GST system Input Tax Credit can be availed for purchases of goods and services used for business purposes.
    iii. GST was implemented in India in the year 2017.

    A) Only ii and iii B) Only i and ii
    C) All of the above i, ii and iii D) Only i and iii

17. Which of the following statement is/are correct ?
    i. The first phase of the Pradhan Mantri Jan Dhan Yojana aimed to provide access to banking facilities to all households in India.
    ii. Securities and Exchange Board of India (SEBI) issues and regulates the guidelines for the Know Your Customer (KYC) norms in India.
    iii. EXIM Bank provides financial assistance to promote foreign trade of India.

    A) Only i and ii B) Only ii and iii
    C) All of the above i, ii and iii D) Only i and iii

14. നീതി ആയോഗിനെക്കുറിച്ചുള്ള ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. DMEO യും NILERD ഉം നീതി ആയോഗിന് കീഴിൽ വരുന്ന രണ്ട് അറ്റാച്ച്ഡ്/സ്വയംഭരണ സ്ഥാപനങ്ങളാണ്.

ii. ഇന്ത്യൻ രാഷ്ട്രപതി നീതി ആയോഗിന്റെ എക്സ്-ഒഫീഷ്യോ ചെയർപേഴ്സണായി പ്രവർത്തിക്കുന്നു.

iii. സഹകരണ ഫെഡറലിസം വളർത്തിയെടുക്കുകയും നയരൂപീകരണത്തിൽ സംസ്ഥാനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് നീതി ആയോഗിന്റെ പ്രധാന ലക്ഷ്യം.

A) Only ii and iii
B) Only i and ii
C) All of the above i, ii and iii
D) Only i and iii

15. ഹരിത വിപ്ലവത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. ഭക്ഷ്യധാന്യങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഹരിത വിപ്ലവം രാജ്യത്തെ സഹായിച്ചിട്ടുണ്ട്.

ii. ഉയർന്ന വിളവ് നൽകുന്ന ഇനം വിത്തുകൾ ഹരിതവിപ്ലവത്തിന്റ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നായിരുന്നു.

iii. ഗ്രിഗർ മെൻഡലിനെ "ഹരിത വിപ്ലവത്തിന്റെ പിതാവ് " ആയി കണക്കാക്കുന്നു.

A) Only ii and iii
B) Only i and ii
C) All of the above i, ii and iii
D) Only i and iii

16. GSTയെക്കുറിച്ചുള്ള ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. ഇന്ത്യയിലെ കയറ്റുമതിക്കും ഇറക്കുമതിക്കും സംയോജിത GST (IGST) ബാധകമാണ്.

ii. GST സംവിധാനത്തിൽ ബിസിനസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും.

iii. 2017-ലാണ് ഇന്ത്യയിൽ GST നടപ്പിലാക്കിയത്.

A) Only ii and iii
B) Only i and ii
C) All of the above i, ii and iii
D) Only i and iii

17. താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. ഇന്ത്യയിലെ എല്ലാ വീടുകൾക്കും ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് പ്രധാൻമന്ത്രി ജൻ ധൻ യോജനയുടെ ആദ്യ ഘട്ടം ലക്ഷ്യമിടുന്നത്.

ii. ഇന്ത്യയിലെ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) നിങ്ങളുടെ ഉപഭോക്താവിനെ അറിയുക (KYC) മാനദണ്ഡങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

iii. ഇന്ത്യയുടെ വിദേശവ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിന് എക്സിംബാങ്ക് സാമ്പത്തിക സഹായം നൽകുന്നു.

A) Only i and ii
B) Only ii and iii
C) All of the above i, ii and iii
D) Only i and iii

18. Which of the following statement is/are correct about merger of Public Sector Banks in 2021 ?
    i. The above mentioned merger has not affected Indian Overseas Bank, UCO Bank, Punjab and Sind Bank and Bank of Maharashtra.
    ii. Andhra Bank and Corporation Bank merged with Canara Bank in 2021.
    iii. The merger of Dena Bank and Vijaya Bank with Bank of Baroda was a part of this merger process in 2021.

    A) Only i
    B) Only ii
    C) Only i and iii
    D) Only ii and iii

19. Which one of the following statements are correct as per the Constitution of India ?

    Every Judge of a High Court shall be appointed by the President by warrant under his hand and seal after :
    i. Consultation with the Chief Justice of India.
    ii. Consultation with the Governor of the State concerned.
    iii. Consultation with the Chief Justice of the State concerned.
    iv. Consultation with the Chief Minister of the State concerned.

    A) Only i and ii
    B) Only i and iii
    C) Only ii and iv
    D) Only i, ii and iii

20. Consider the following statements.

    **Statement 1 :**

    No discussion shall take place in the Legislature of a State with respect to the conduct of any Judge of the Supreme Court or of a High Court in the discharge of his duties.

    **Statement 2 :**

    The validity of any proceedings in the Legislature of a State shall not be called in question before the Courts on the ground of any alleged irregularity of the procedure.

    Which of the statements given above is/are correct ?

    A) 1 only
    B) 2 only
    C) Both 1 and 2
    D) Neither 1 nor 2

21. Which of the following objectives are not embodied in the Preamble to the Constitution of India ?
    1. Unity of the Nation
    2. Secede from the Union
    3. Integrity of the Nation

    A) 1 only
    B) 2 only
    C) 3 only
    D) None of the above

18. 2021-ൽ പൊതുമേഖലാ ബാങ്കുകളുടെ ലയനത്തെക്കുറിച്ചുള്ള ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?

i. മുകളിൽ സൂചിപ്പിച്ച ലയനം ഇന്ത്യൻ ഓവർസീസ് ബാങ്ക്, യൂക്കോ ബാങ്ക്, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര എന്നിവയെ ബാധിച്ചിട്ടില്ല.

ii. ആന്ധ്രാ ബാങ്കും കോർപ്പറേഷൻ ബാങ്കും 2021-ൽ കാനറ ബാങ്കിൽ ലയിച്ചു.

iii. ദേന ബാങ്കും വിജയ ബാങ്കും ബാങ്ക് ഓഫ് ബറോഡയുമായി ലയിച്ചത് 2021-ൽ ഈ ലയന പ്രക്രിയയുടെ ഭാഗമായിരുന്നു.

A) Only i
B) Only ii
C) Only i and iii
D) Only ii and iii

19. ഇന്ത്യൻ ഭരണഘടന പ്രകാരം താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
ഇന്ത്യയിലെ ഹൈക്കോടതി ജഡ്ജിമാരെ രാഷ്ട്രപതി നിയമിക്കുന്നത്

i. സുപ്രീം കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചന നടത്തിയ ശേഷം.
ii. ബന്ധപ്പെട്ട സംസ്ഥാന ഗവർണറുമായി കൂടിയാലോചന നടത്തിയ ശേഷം.
iii. ബന്ധപ്പെട്ട സംസ്ഥാന ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചന നടത്തിയ ശേഷം.
iv. ബന്ധപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തിയ ശേഷം.

A) Only i and ii
B) Only i and iii
C) Only ii and iv
D) Only i, ii and iii

20. താഴെ പറയുന്ന പ്രസ്താവനകൾ പരിശോധിക്കുക.

**പ്രസ്താവന 1 :**

സുപ്രീം കോടതിയിലോ, ഹൈക്കോടതിയിലോ ഉള്ള ഏതെങ്കിലും ജഡ്ജിയുടെ കർത്തവ്യ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാന നിയമസഭയിലും ഒരു ചർച്ചയും നടത്താൻ പാടില്ല.

**പ്രസ്താവന 2 :**

നടപടിക്രമങ്ങളിലെ ഏതെങ്കിലും ക്രമക്കേടിന്റെ പേരിൽ സംസ്ഥാന നിയമസഭകളിൽ നടക്കുന്ന നടപടികളുടെ സാധുത കോടതികൾക്ക് മുമ്പാകെ ചോദ്യം ചെയ്യാൻ പാടില്ല.

മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.

A) 1 only
B) 2 only
C) Both 1 and 2
D) Neither 1 nor 2

21. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ലക്ഷ്യങ്ങൾ ഏതെല്ലാം ?

1. രാഷ്ട്രത്തിന്റെ ഐക്യം
2. യൂണിയനിൽ നിന്ന് സംസ്ഥാനങ്ങളുടെ വേർപിരിയൽ
3. രാഷ്ട്രത്തിന്റെ അഖണ്ഡത

A) 1 only
B) 2 only
C) 3 only
D) None of the above

22. Which of the following Amendment made the Right to Education a Fundamental Right ?
    - A) $44^{th}$ Constitutional Amendment Act
    - B) $86^{th}$ Constitutional Amendment Act
    - C) $96^{th}$ Constitutional Amendment Act
    - D) $102^{nd}$ Constitutional Amendment Act

23. Which of the following statements are correct about the Emergency provisions of the Constitution of India ?
    - i. If the President is satisfied that a grave emergency situation exists whereby the security of India or of any part of the territory thereof is threatened, make a declaration to that effect.
    - ii. The President shall not issue such a proclamation unless the decision of the Union Cabinet that such a proclamation may be issued has been communicated to him in writing.
    - iii. Every emergency proclamation issued by the President under Article 352 shall be laid before each House of Parliament and shall cease to operate at the expiration of six months unless before the expiration of that period it has been approved by resolutions of both Houses of Parliament.

    A) Only i and ii B) Only ii and iii
    C) Only i and iii D) All the above

24. Which of the following statement(s) is/are not correct about the Constituent Assembly of India ?
    - i. Dr. Sachidananda Sinha was appointed as the temporary Chairman of the Constituent Assembly on December 9, 1946.
    - ii. Jawaharlal Nehru moved the Objective Resolution in the Constituent Assembly on December 11, 1946.
    - iii. On 29 August 1947, the Constituent Assembly had set up a Drafting Committee under the Chairmanship of Dr. B. R. Ambedkar.

    A) Only i and ii B) Only ii and iii
    C) Only ii D) Only iii

22. താഴെ പറയുന്നവയിൽ ഏത് ഭരണഘടനാ ഭേദഗതിയാണ് വിദ്യാഭ്യാസ അവകാശത്തെ മൗലികാവകാശമാക്കി മാറ്റിയത് ?
   A) 44th ഭരണഘടനാ ഭേദഗതി നിയമം
   B) 86th ഭരണഘടനാ ഭേദഗതി നിയമം
   C) 96th ഭരണഘടനാ ഭേദഗതി നിയമം
   D) 102nd ഭരണഘടനാ ഭേദഗതി നിയമം

23. ഇന്ത്യൻ ഭരണഘടനയിലെ അടിയന്തിരാവസ്ഥാ പ്രഖ്യാപന വ്യവസ്ഥകളെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
   i. ഇന്ത്യയുടെ മൊത്തമായോ, ഏതെങ്കിലും പ്രദേശത്തിന്റേയോ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാക്കുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നതായി രാഷ്ട്രപതിക്ക് ബോധ്യപ്പെട്ടാൽ, അത്തരമൊരു ഭീഷണിയെ നേരിടാനായി അദ്ദേഹം രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുക.
   ii. അടിയന്തിരാവസ്ഥാ പ്രഖ്യാപനം നടത്തുന്നതിനായി കേന്ദ്ര മന്ത്രിസഭയുടെ തീരുമാനം രേഖാമൂലം അദ്ദേഹത്തെ അറിയിച്ചിട്ടില്ലെങ്കിൽ രാഷ്ട്രപതി അത്തരമൊരു പ്രഖ്യാപനം പുറപ്പെടുവിക്കാൻ പാടില്ല.
   iii. ആർട്ടിക്കിൾ 352 പ്രകാരം രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഓരോ അടിയന്തിരാവസ്ഥാ പ്രഖ്യാപനവും പാർലമെന്റിന്റെ ഇരു സഭകളുടേയും അംഗീകാരത്തിനായി സഭകൾക്ക് മുമ്പാകെ വയ്ക്കേണ്ടതാണ്. കൂടാതെ ആറ് മാസത്തിന് ശേഷം പാർലമെന്റിന്റെ ഇരു സഭകളുടെയും അംഗീകാരം പ്രഖ്യാപനത്തിന് ലഭിച്ചില്ലായെങ്കിൽ രാഷ്ട്രപതിയുടെ അടിയന്തിരാവസ്ഥാ പ്രഖ്യാപനം നിർത്തലാകുന്നതാണ്.
   A) Only i and ii
   B) Only ii and iii
   C) Only i and iii
   D) All the above

24. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതിയെക്കുറിച്ച് താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത് ?
   i. 1946 ഡിസംബർ 9-ന് ഡോ. സച്ചിദാനന്ദ സിൻഹയെ ഭരണഘടനാ നിർമ്മാണ സമിതിയുടെ താൽക്കാലിക ചെയർമാനായി നിയമിച്ചു.
   ii. 1946 ഡിസംബർ 11-ന് ജവഹർ ലാൽ നെഹ്റു ഭരണഘടനാ നിർമ്മാണസമിതിയിൽ ലക്ഷ്യ പ്രമേയം അവതരിപ്പിച്ചു.
   iii. 1947 ഓഗസ്റ്റ് 29-ന് ഭരണഘടനാ നിർമ്മാണ സമിതി ഡോ. ബി. ആർ. അംബേദ്കറുടെ അധ്യക്ഷതയിൽ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചു.
   A) Only i and ii
   B) Only ii and iii
   C) Only ii
   D) Only iii

25. Which one of the following subjects come under the Concurrent List in the Seventh Schedule of the Constitution of India ?
   i. Fisheries
   ii. Tolls
   iii. Electricity
   iv. Public health

   A) Only i and ii
   B) Only ii
   C) Only iii
   D) Only iii and iv

26. Which of the following statements are correct about the Constitution of India ?
   i. Relations between the Union and the States are given in Part XI of the Constitution.
   ii. Provisions related to services under the Union and the States are given in Part XIV of the Constitution.
   iii. Special Provisions relating to certain classes are given in Part XVI of the Constitution.

   A) Only i and ii
   B) Only ii and iii
   C) Only i and iii
   D) All the above i, ii and iii

27. Which of the following statements are correct about the composition of the Kerala State Human Rights Commission ?
   i. Chairperson of the Commission should be a person who has been a Chief Justice or a Judge of a High Court.
   ii. One member should be a person who is or has been a Judge of a High Court, or a District Judge in the State with a minimum of seven years experience as District Judge.
   iii. The Governor of Kerala has appointed the first Human Rights Commission consisting of Justice J. B. Koshy as Chairperson and Dr. S. Balaraman and Shri T. K. Wilson as Members in 1998.

   A) i and ii only
   B) i and iii only
   C) ii and iii only
   D) All the above i, ii and iii

28. Under which Article of the Constitution of India the Supreme Court declared the Right to Information as Fundamental Right ?

   A) Article 19 (1) (a)
   B) Article 19 (1) (b)
   C) Article 19 (1) (c)
   D) Article 19 (1) (d)

25. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയങ്ങൾ ഏതെല്ലാം ?
   i. മത്സ്യബന്ധനം
   ii. ടോൾ
   iii. വൈദ്യുതി
   iv. പൊതുജനാരോഗ്യം
   A) Only i and ii
   B) Only ii
   C) Only iii
   D) Only iii and iv

26. ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
   i. യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ ഭരണഘടനയുടെ ഭാഗം XI-ൽ പ്രതിപാദിച്ചിരിക്കുന്നു.
   ii. യൂണിയനും സംസ്ഥാനങ്ങളും കീഴിലുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭരണഘടനയുടെ ഭാഗം XIV-ൽ പ്രതിപാദിച്ചിരിക്കുന്നു.
   iii. ചില വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ ഭരണഘടനയുടെ ഭാഗം XVI-ൽ പ്രതിപാദിച്ചിരിക്കുന്നു.
   A) Only i and ii
   B) Only ii and iii
   C) Only i and iii
   D) All the above i, ii and iii

27. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഘടനയെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയേത് ?
   i. കമ്മീഷന്റെ അധ്യക്ഷൻ ഒരു ഹൈക്കോടതി ചീഫ് ജസ്റ്റിസ്സോ, ജഡ്ജിയോ ആയിരുന്ന വ്യക്തിയായിരിക്കണം.
   ii. മറ്റൊരു അംഗം നിലവിൽ ഒരു ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതി ജഡ്ജി ആയിരുന്നതോ ആയ വ്യക്തിയായിരിക്കണം. അതല്ലെങ്കിൽ ജില്ലാ ജഡ്ജിയായി കുറഞ്ഞത് ഏഴ് വർഷം പ്രവർത്തിച്ചിട്ടുള്ള സംസ്ഥാനത്തെ ഒരു ജില്ലാ ജഡ്ജിയായിരിക്കണം.
   iii. ജസ്റ്റിസ് ജെ. ബി. കോശി ചെയർപേഴ്സണായും, ഡോ. എസ്. ബലരാമൻ, ശ്രീ. ടി. കെ. വിൽസൺ എന്നിവർ അംഗങ്ങളായുമുള്ള ആദ്യത്തെ മനുഷ്യാവകാശ കമ്മീഷനെ 1998-ൽ കേരള ഗവർണർ നിയമിച്ചു.
   A) i and ii only
   B) i and iii only
   C) ii and iii only
   D) All the above i, ii and iii

28. ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിൾ പ്രകാരമാണ് സുപ്രീം കോടതി വിവരാവകാശം മൗലികാവകാശമായി പ്രഖ്യാപിച്ചത് ?
   A) Article 19 (1) (a)
   B) Article 19 (1) (b)
   C) Article 19 (1) (c)
   D) Article 19 (1) (d)

29. Which among the following is/are the Scheme(s) implemented by the Government of Kerala for the welfare of women ?

i. Abhayakiranam

ii. Padavukal

iii. Snehasparsham

iv. Aswasanidhi

A) Only i and ii
B) Only ii and iii
C) Only i and iv
D) All the above i, ii, iii and iv

30. Which of the following statements are correct about the introduction of decentralization in Kerala ?

i. E. M. S. Namboodiripad chaired the Administrative Reforms Committee in 1957 for the newly formed State of Kerala.

ii. K. Sasidharan Nair Commission was constituted in 1996 to study and recommend changes to strengthen local governance in Kerala.

iii. "People's Plan Campaign" was introduced on August 17, 1996 with the objective of strengthening LSGs in the State.

A) Only i and ii
B) Only ii and iii
C) Only i and iii
D) All the above i, ii and iii

31. What were the major recommendations of the Narendran Commission appointed by the Government of Kerala in February 2000 ?

i. Implementation of special recruitment campaigns to remove backlogs and ensure equal rights for all sections of society.

ii. Introduction of 10% reservation for Economically Weaker Sections (EWS) in educational institutions and government jobs.

iii. Ensure that reservations are implemented effectively to achieve representation of Backward Classes in proportion to their population.

A) Only i and ii
B) Only ii and iii
C) Only i and iii
D) All the above i, ii and iii

29. താഴെപ്പറയുന്നവയിൽ ഏതാണ് സ്ത്രീകളുടെ ക്ഷേമത്തിനായി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ?

i. അഭയകിരണം

ii. പടവുകൾ

iii. സ്നേഹസ്പർശം

iv. ആശ്വാസനിധി

A) Only i and ii

B) Only ii and iii

C) Only i and iv

D) All the above i, ii, iii and iv

30. കേരളത്തിലെ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയേത് ?

i. 1957-ൽ രൂപീകരിച്ച ഭരണപരിഷ്കാര സമിതിയുടെ അധ്യക്ഷനായിരുന്നു ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട്.

ii. കേരളത്തിലെ തദ്ദേശഭരണം ശക്തിപ്പെടുത്തുന്നതിനുള്ള മാറ്റങ്ങൾ പഠിക്കുന്നതിനും, ശുപാർശ ചെയ്യുന്നതിനുമായി 1996-ൽ കെ. ശശിധരൻ നായർ കമ്മീഷൻ രൂപീകരിച്ചു.

iii. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക (LSGs) എന്ന ലക്ഷ്യത്തോടെ 1996 ഓഗസ്റ്റ് 17-ന് “പീപ്പിൾസ് പ്ലാൻ കാമ്പയിൻ” ആരംഭിച്ചു.

A) Only i and ii

B) Only ii and iii

C) Only i and iii

D) All the above i, ii and iii

31. കേരള സർക്കാർ ഫെബ്രുവരി 2000-ൽ നിയമിച്ച നരേന്ദ്രൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തായിരുന്നു ?

i. പിന്നോക്കാവസ്ഥ ഒഴിവാക്കുന്നതിനും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുമായി പ്രത്യേക നിയമന കാമ്പെയ്നുകൾ നടപ്പിലാക്കുക.

ii. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (EWS) 10% സംവരണം ഏർപ്പെടുത്തുക.

iii. പിന്നോക്ക വിഭാഗങ്ങളുടെ ജനസംഖ്യാ അനുപാതികമായി പ്രാതിനിധ്യം ഉറപ്പിക്കുന്നതിന് സംവരണം ഫലപ്രദമായി നടപ്പിലാക്കുക.

A) Only i and ii

B) Only ii and iii

C) Only i and iii

D) All the above i, ii and iii

32. Name the project launched by the Kerala Drugs Control Department to prevent environmental pollution and health risks by following Biochemical Waste Management protocols ?

A) KSUDP B) nPROUD C) TRINETRA D) KaWaCHaM

33. In order to perceive a sensation, the following conditions are necessary, with the exception of

A) Stimulus strong enough to initiate a response

B) A receptor to convert the stimulus to an impulse

C) Interpretation of the impulse in the brain

D) A motor impulse to an effector organ or muscle

34. All fragments of rock ejected into the air by an erupting volcano is termed as

A) Lahar B) Pumice C) Tephra D) Lava

35. The infectious disease Chicken Pox is also called

A) Variola B) Vaccinia

C) Varicella D) Myxovirus

36. A condition in which the liver becomes infused with fibrous tissue and is unable to repair itself is known as

A) Hepatitis B) Cirrhosis C) Jaundice D) Hepatoma

37. The mission in Kerala launched with the objective to transform the public health sector in the backdrop of the Sustainable Development Goals (SDGs) 2030 of the United Nations (UN) is

A) Aardram B) Aarogyakeralam

C) NCD D) RBSK

38. Each side of a square is measured to be 1.1 m. What is the area of the square in appropriate significant figures ?

A) 1.0 $m^2$ B) 1.21 $m^2$ C) 1.2 $m^2$ D) 1.210 $m^2$

32. ബയോകെമിക്കൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകൾ പാലിച്ചു കൊണ്ട് പരിസ്ഥിതി മലിനീകരണവും, ആരോഗ്യ മേഖലയിലെ അപകടസാധ്യതകളും തടയുന്നതിനായി കേരള ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരംഭിച്ച പദ്ധതിയുടെ പേര്

A) KSUDP B) nPROUD C) TRINETRA D) KaWaCHaM

33. ഒരു സംവേദനം ഗ്രഹിക്കുന്നതിന്, __________ ഒഴികെയുള്ള ഇനിപ്പറയുന്ന വ്യവസ്ഥകൾ ആവശ്യമാണ്.

A) പ്രതികരണം ആരംഭിക്കാൻ തക്ക ശക്തമായ ഉത്തേജനം

B) ഉത്തേജനത്തെ ഒരു പ്രേരണയാക്കി മാറ്റുന്നതിനുള്ള ഒരു റിസപ്റ്റർ

C) തലച്ചോറിലെ പ്രേരണയുടെ വ്യാഖ്യാനം

D) ഒരു എഫക്റ്റർ അവയവത്തിലേക്കോ പേശിയിലേക്കോ ഉള്ള ഒരു മോട്ടോർ പ്രേരണ

34. പൊട്ടിത്തെറിക്കുന്ന അഗ്നിപർവ്വതം വായുവിലേക്ക് പുറന്തള്ളുന്ന എല്ലാ പാറക്കഷണങ്ങളെയും __________ എന്ന് വിളിക്കുന്നു.

A) ലഹാർ B) പ്യൂമിസ് C) ടെഫ്ര D) ലാവ

35. ചിക്കൻപോക്സ് എന്ന പകർച്ചവ്യാധിയെ __________ എന്നും വിളിക്കുന്നു.

A) വേരിയോള B) വാക്സിനിയ

C) വേരിസെല്ല D) മൈക്സോവൈറസ്

36. കരളിൽ നാരുകളുള്ള കലകൾ നിറഞ്ഞു നിൽക്കുകയും സ്വയം നന്നാക്കാൻ കഴിയാതെ വരികയും ചെയ്യുന്ന അവസ്ഥയാണ്

A) ഹെപ്പറ്റൈറ്റിസ് B) സിറോസിസ് C) മഞ്ഞപ്പിത്തം D) ഹെപ്പറ്റോമ

37. ഐക്യരാഷ്ട്രസഭയുടെ (UN) സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) 2030 ന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യ മേഖലയെ പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരളത്തിൽ ഈ ദൗത്യം ആരംഭിച്ചത്.

A) ആർദ്രം B) ആരോഗ്യകേരളം

C) NCD D) RBSK

38. ഒരു ചതുരത്തിന്റെ ഓരോ വശവും 1.1 മീറ്ററായി അളക്കുന്നു. ഉചിതമായ പ്രധാന കണക്കുകളിൽ ചതുരത്തിന്റെ വിസ്തീർണ്ണം എന്താണ് ?

A) 1.0 $m^2$ B) 1.21 $m^2$ C) 1.2 $m^2$ D) 1.210 $m^2$

39. Choose the correct statement(s) :

    i. Newton's laws are directly applicable only in inertial frames.

    ii. Newton's laws are directly applicable only in non-inertial frames.

    iii. A bus moving with constant velocity is an example of a non-inertial frame.

    iv. A bus moving with constant speed in circular path is an example of a non-inertial frame.

    A) Only i is correct
    B) i and iv are correct
    C) ii and iii are correct
    D) ii and iv are correct

40. Zeroth law of thermodynamics refers to

    A) Conservation of energy
    B) Change in entropy during reversible process
    C) Increase in entropy in irreversible process
    D) Thermal equilibrium

41. The United Nations proclaims 2025 as

    A) International Year of Quantum Science and Technology
    B) International Year of Basic Sciences for Sustainable Development
    C) International Year of Light
    D) International Year of Astronomy

42. Graphene, an allotrope of carbon is a

    A) One dimensional (1D) material
    B) Two dimensional (2D) material
    C) Three dimensional (3D) material
    D) Zero dimensional (0D) material

43. Arrange the following ions in the order of increasing size.

    $Al^{3+}$, $Mg^{2+}$, $F^{-}$, $N^{3-}$

    A) $Al^{3+} > Mg^{2+} > F^{-} > N^{3-}$
    B) $N^{3-} > Al^{3+} > F^{-} > Mg^{2+}$
    C) $N^{3-} > F^{-} > Mg^{2+} > Al^{3+}$
    D) $F^{-} > Mg^{2+} > Al^{3+} > N^{3-}$

39. ശരിയായ പ്രസ്താവന(കൾ) തിരഞ്ഞെടുക്കുക.

i. ന്യൂട്ടന്റെ നിയമങ്ങൾ നേരിട്ട് ബാധകമാകുന്നത് ഇനേർഷ്യൽ ഫ്രെയിമുകളിൽ മാത്രമാണ്.

ii. ന്യൂട്ടന്റെ നിയമങ്ങൾ നേരിട്ട് ബാധകമാകുന്നത് ഇനേർഷ്യൽ അല്ലാത്ത ഫ്രെയിമുകളിൽ മാത്രമാണ്.

iii. സ്ഥിരമായ പ്രവേഗത്തിൽ ചലിക്കുന്ന ഒരു ബസ് ഒരു ഇനേർഷ്യൽ അല്ലാത്ത ഫ്രെയിമിന്റെ ഒരു ഉദാഹരണമാണ്.

iv. വൃത്താകൃതിയിലുള്ള പാതയിൽ സ്ഥിരമായ വേഗതയിൽ ചലിക്കുന്ന ഒരു ബസ് ഒരു ഇനേർഷ്യൽ അല്ലാത്ത ഫ്രെയിമിന്റെ ഒരു ഉദാഹരണമാണ്.

A) Only i is correct
B) i and iv are correct
C) ii and iii are correct
D) ii and iv are correct

40. തെർമോഡൈനാമിക്സിന്റെ പൂജ്യം നിയമം __________ നെ സൂചിപ്പിക്കുന്നു.

A) ഊർജ്ജ സംരക്ഷണം
B) തിരിച്ചുവിടാനാവാത്ത പ്രക്രിയയിൽ എൻട്രോപ്പിയിലെ മാറ്റം
C) തിരിച്ചുവിടാനാവാത്ത പ്രക്രിയയിൽ എൻട്രോപ്പിയിലെ വർദ്ധനവ്
D) താപസന്തുലിതാവസ്ഥ

41. ഐക്യരാഷ്ട്രസഭ 2025 നെ ____________ ആയി പ്രഖ്യാപിക്കുന്നു.

A) അന്താരാഷ്ട്ര ക്വാണ്ടം ശാസ്ത്ര സാങ്കേതിക വർഷം
B) സുസ്ഥിര വികസനത്തിനായുള്ള അന്താരാഷ്ട്ര അടിസ്ഥാന ശാസ്ത്ര വർഷം
C) അന്താരാഷ്ട്ര പ്രകാശ വർഷം
D) അന്താരാഷ്ട്ര ജ്യോതിശാസ്ത്ര വർഷം

42. കാർബണിന്റെ ഒരു അലോട്രോപ്പായ ഗ്രാഫീൻ ഒരു ____________ ആണ്.

A) ഏകമാന (1D) പദാർത്ഥം
B) ദ്വിമാന (2D) പദാർത്ഥം
C) ത്രിമാന (3D) പദാർത്ഥം
D) പൂജ്യം (0D) പദാർത്ഥം

43. വലുപ്പം വർദ്ധിക്കുന്നതിനനുസരിച്ച് താഴെ പറയുന്ന അയോണുകൾ ക്രമീകരിക്കുക.

$Al^{3+}$, $Mg^{2+}$, $F^{-}$, $N^{3-}$

A) $Al^{3+} > Mg^{2+} > F^{-} > N^{3-}$
B) $N^{3-} > Al^{3+} > F^{-} > Mg^{2+}$
C) $N^{3-} > F^{-} > Mg^{2+} > Al^{3+}$
D) $F^{-} > Mg^{2+} > Al^{3+} > N^{3-}$

44. Which one of the following alkaloid is present in Tobacco plants ?
    A) Nicotine
    B) Cocaine
    C) Piperine
    D) Atropine

45. 2023 Nobel Prize in Chemistry was awarded for
    A) The discovery and synthesis of quantum dots
    B) The development of click chemistry and bio-orthogonal chemistry
    C) The development of asymmetric organocatalysis
    D) The development of lithium ion batteries

46. Name the youth player who won the Candidate Chess Tournament in April 2024.
    A) R. Praggnanandhaa
    B) Vidit Gujrathi
    C) D. Gukesh
    D) Fabiano Caruana

47. With which ritual art in Kerala is "Muchilot Bhagavathi" associated ?
    A) Theyyam
    B) Mudiyettu
    C) Patayani
    D) Paana

48. What is the name of the famous Bharatanatyam artiste who is the Chancellor of "Kerala Kalamandalam" ?
    A) Padma Subrahmanyam
    B) Mallika Sarabai
    C) Neena Kurup
    D) Methil Devika

49. What is the name of the movie that won Salim Kumar the "National Award for the Best Actor" in the year 2010 ?
    A) Android Kunjappan
    B) Achanurangatha Veedu
    C) Karutha Joothan
    D) Adaminte Makan Abu

50. In which sport is Pankaj Advani a World Champion ?
    A) Football
    B) Cricket
    C) Billiards
    D) Javelin throw

51. The remainder obtained when – 5 is divided by 4 is
    A) – 1
    B) 1
    C) 3
    D) – 3

44. പുകയില സസ്യങ്ങളിൽ കാണപ്പെടുന്ന ആൽക്കലോയിഡ് ഏതാണ് ?

A) നിക്കോട്ടിൻ
B) കൊക്കെയ്ൻ
C) പൈപ്പറിൻ
D) അട്രോപിൻ

45. 2023-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്

A) ക്വാണ്ടം ഡോട്ടുകളുടെ കണ്ടെത്തലും സമന്വയവും
B) ക്ലിക്ക് കെമിസ്ട്രിയുടെയും ബയോ-ഓർത്തോഗണൽ കെമിസ്ട്രിയുടെയും വികസനം
C) അസിമെട്രിക് ഓർഗാനോകാറ്റലിസിസിന്റെ വികസനം
D) ലിഥിയം അയോൺ ബാറ്ററികളുടെ വികസനം

46. 2024 ഏപ്രിൽ കാൻഡിഡേറ്റ് ചെസ് ടൂർണമെന്റിൽ വിജയിച്ച യുവതാരത്തിന്റെ പേര്.

A) ആർ. പ്രഗ്നാനന്ദ
B) വിദിത് ഗുജറാത്തി
C) ഡി. ഗുകേഷ്
D) ഫാബിയാനോ കരുവാന

47. ''മുച്ചിലോട്ട് ഭഗവതി'' കേരളത്തിലെ ഏത് അനുഷ്ഠാന കലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) തെയ്യം
B) മുടിയേറ്റ്
C) പടയണി
D) പാന

48. ''കേരള കലാമണ്ഡലം'' ചാൻസലറായ പ്രശസ്ത ഭരതനാട്യം കലാകാരന്റെ പേരെന്താണ് ?

A) പത്മ സുബ്രഹ്മണ്യം
B) മല്ലിക സാരാഭായ്
C) നീന കുറുപ്പ്
D) മേതിൽ ദേവിക

49. 2010-ൽ സലിം കുമാറിന് ''മികച്ച നടനുള്ള ദേശീയ അവാർഡ് '' നേടിക്കൊടുത്ത സിനിമയുടെ പേരെന്താണ് ?

A) ആൻഡ്രോയിഡ് കുഞ്ഞപ്പൻ
B) അച്ഛനുറങ്ങാത്ത വീട്
C) കറുത്ത ജൂതൻ
D) ആദാമിന്റെ മകൻ അബു

50. പങ്കജ് അദ്വാനി ഏത് കായിക ഇനത്തിലാണ് ലോക ചാമ്പ്യൻ ?

A) ഫുട്ബോൾ
B) ക്രിക്കറ്റ്
C) ബില്യാർഡ്സ്
D) ജാവലിൻ ത്രോ

51. – 5 നെ 4 കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന ശിഷ്ടം

A) – 1
B) 1
C) 3
D) – 3

52. What percentage of three metric tonnes in sixty quintals ?

A) 100% B) 150% C) 250% D) 200%

53. The fourth proportional to 5, 8, 15 is

A) 20 B) 24 C) 30 D) 36

54. A and B can do a job together in 7 days. A is $1\frac{3}{4}$ times efficient as B. Same job can be done by A alone is

A) 11 days B) 9 days

C) $12\frac{1}{4}$ days D) $16\frac{1}{3}$ days

55. A is 20 meter west of B, C is 30 meter north of B, D is 10 meter east of C. Then distance from A to D is

A) 10 m B) $20\sqrt{2}$ m

C) $30\sqrt{2}$ m D) $10\sqrt{2}$ m

56. Average of reciprocal of x and y is

A) $\frac{x+y}{xy}$ B) $\frac{xy}{x+y}$ C) $\frac{2xy}{x+y}$ D) $\frac{x+y}{2xy}$

57. Mr. X facing East. He turns 110° in the clockwise direction and then he turns 155° in the anticlockwise direction. Which direction is he facing now ?

A) East B) North C) North-East D) South-West

58. If 30 – 10 = 300, 7 ÷ 4 = 11 and 9 × 3 = 6, then 50 – 20 × 100 ÷ 10 is

A) 910 B) 1000 C) 900 D) 1010

59. If SUMMER is coded as RUNNER, then WINTER is coded as

A) SUITER B) VIOUER C) SUFFER D) WALKER

60. By looking a mirror, it appears quarter to eight, what is the actual time ?

A) 4.15 B) 3.15 C) 4.45 D) 3.45

52. മൂന്ന് മെട്രിക് ടണ്ണിന്റെ എത്ര ശതമാനം അറുപത് ക്വിന്റലിൽ വരും ?
A) 100% B) 150% C) 250% D) 200%

53. 5, 8, 15 എന്നിവയുടെ നാലാമത്തെ അനുപാതം ആണ്
A) 20 B) 24 C) 30 D) 36

54. A യും B യും ചേർന്ന് ഒരു ജോലി 7 ദിവസം കൊണ്ട് ചെയ്തു തീർക്കും. A യ്ക്ക് B യുടെ $1\frac{3}{4}$ മടങ്ങ് കാര്യക്ഷമതയുണ്ട്. അതേ ജോലി A യ്ക്ക് മാത്രം എത്ര ദിവസം കൊണ്ട് ചെയ്യാൻ കഴിയും ?
A) 11 ദിവസം
B) 9 ദിവസം
C) $12\frac{1}{4}$ ദിവസം
D) $16\frac{1}{3}$ ദിവസം

55. A എന്നത് B യിൽ നിന്ന് 20 മീറ്റർ പടിഞ്ഞാറും, C എന്നത് B യിൽ നിന്ന് 30 മീറ്റർ വടക്കും, D എന്നത് C യിൽ നിന്ന് 10 മീറ്റർ കിഴക്കുമാണ്. അപ്പോൾ A യിൽ നിന്ന് D യിലേക്കുള്ള ദൂരം എത്ര ?
A) 10 m
B) $20\sqrt{2}$ m
C) $30\sqrt{2}$ m
D) $10\sqrt{2}$ m

56. x, y എന്നിവയുടെ പരസ്പര പൂരകത്തിന്റെ ശരാശരി
A) $\frac{x+y}{xy}$ B) $\frac{xy}{x+y}$ C) $\frac{2xy}{x+y}$ D) $\frac{x+y}{2xy}$

57. മിസ്റ്റർ X കിഴക്കോട്ട് അഭിമുഖമായി നിൽക്കുന്നു. അവൻ ഘടികാര ദിശയിൽ 110° തിരിഞ്ഞ് എതിർ ഘടികാരദിശയിൽ 155° തിരിയുന്നു. ഇപ്പോൾ അവൻ ഏത് ദിശയിലേക്കാണ് അഭിമുഖീകരിക്കുന്നത് ?
A) കിഴക്ക് B) വടക്ക് C) വടക്ക്-കിഴക്ക് D) തെക്ക്-പടിഞ്ഞാറ്

58. 30 – 10 = 300, 7 ÷ 4 = 11, 9 × 3 = 6, ആണെങ്കിൽ 50 – 20 × 100 ÷ 10 എന്നത്
A) 910 B) 1000 C) 900 D) 1010

59. SUMMER എന്നത് RUNNER ആയി കോഡ് ചെയ്തിട്ടുണ്ടെങ്കിൽ, WINTER എന്നത് ____________ ആയി കോഡ് ചെയ്യും.
A) SUITER B) VIOUER C) SUFFER D) WALKER

60. കണ്ണാടിയിൽ നോക്കിയാൽ 8 മണി ആകാൻ 15 മിനിറ്റ് സമയം എന്ന് തോന്നുന്നു, യഥാർത്ഥ സമയം എത്രയാണ് ?
A) 4.15 B) 3.15 C) 4.45 D) 3.45

61. Fill in the blanks with suitable article.
________ university in which she is studying is one of the best universities in the world.
A) the B) a C) an D) no article

62. Find out the correct answer from the following sentences.
A) One of the student in the class scores full marks.
B) One of the students in the class scores full marks.
C) One of the students in the class score full marks.
D) One of the student in the class score full marks.

63. Choose the correct question tag from the following.
A) No one has attended the meeting, hasn't they ?
B) Let's go for a film, shouldn't we ?
C) Get out, will you ?
D) She seldom attended the meeting, didn't she ?

64. Which is the correct passive voice of the sentence Ram is eating a mango ?
A) A mango is eaten by Ram B) A mango was eaten by Ram
C) A mango is being eaten by Ram D) A mango was being eaten by Ram

65. Fill in the blanks with correct phrasal verb of the word given in the bracket.
The meeting was ______ (cancelled) because of some personal issues of the manager.
A) Called off B) Called out C) Called up D) Called on

66. Choose the correct antonym of the word 'luminous'.
A) Shiny B) Dark C) Diminish D) Retract

67. Choose the word with correct spelling.
A) Seperate B) Tortioise C) Collage D) Plaigiarism

68. Fill in the blanks with suitable modal verb.
Policemen ______ wear Khaki.
A) will B) can C) shall D) must

69. Fill in the blanks with suitable idiom from the following.
The announcer announces that it is time to _______ the programme.
A) wrap up B) take sides
C) get cold feet D) butter someone up

70. Fill in the blanks using correct preposition.
The boutique is situated ______ the city centre.
A) on B) by C) for D) at

71. ഹ്രദം എന്ന വാക്കിന് സമാനപദം കണ്ടെത്തുക.

A) നിറം B) മല C) കയം D) പ്രഭാതം

72. താഴെ പറയുന്നതിൽ ശരിയായ രൂപമേത് ?

A) ഉപോദ്ബലകം B) ഉപോൽബലകം

C) ഉപോത്ബലകം D) ഉപോല്ബലകം

73. Conciliation എന്ന പദത്തിന്റെ കൃത്യമായ വിവർത്തനമേത് ?

A) അനുരഞ്ജനം B) സങ്കല്പനം

C) പൂർത്തീകരണം D) ആസൂത്രണം

74. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പ്രസ്താവനയേത് ?

A) ആശയങ്ങളാൽ ആശാന്റെ ഗഹനമായ കവിത സമ്പുഷ്ടമാണ്.

B) ആശയങ്ങളാൽ സമ്പുഷ്ടമാണ് ഗഹനമായ ആശാന്റെ കവിത.

C) ആശാന്റെ കവിത ഗഹനമായ ആശയങ്ങളാൽ സമ്പുഷ്ടമാണ്.

D) ആശാന്റെ ഗഹനമായ ആശയങ്ങളാൽ കവിത സമ്പുഷ്ടമാണ്.

75. മാടമ്പി എന്നതിന്റെ എതിർലിംഗമേത് ?

A) ഇല്ലോടമ്മ B) കെട്ടിലമ്മ C) എമ്പ്രാട്ടി D) പിഷാരസ്യാർ

76. ആപത്തിലെ ധൈര്യം എന്നർത്ഥമുള്ള ശരിയായ പദമേത് ?

A) വിപതിധൈര്യം B) വിപധിധൈര്യം C) വിപദധൈര്യം D) വിപദിധൈര്യം

77. 'ഒന്നിനെയും വകവെയ്ക്കാത്തവൻ' എന്ന അർത്ഥം വരുന്ന ശൈലിയേത് ?

A) അഴകിയ രാവണൻ B) പാഷാണത്തിൽ കൃമി

C) കുഞ്ചിരാമൻ D) ഒറ്റപ്പൂരാടൻ

78. വെണ്മ എന്ന പദം പിരിച്ചെഴുതുക.

A) വെൺ + മ B) വെണ്ണ് + മ C) വെള് + മ D) വെള്ള് + മ

79. നിഴൽയുദ്ധമെന്ന പദത്തെ വിപുലീകരിക്കുമ്പോൾ കിട്ടുന്നതേത് ?

A) നിഴലിലുള്ള യുദ്ധം B) നിഴലിനോടുള്ള യുദ്ധം

C) നിഴലാകുന്ന യുദ്ധം D) നിഴലിന്റെ യുദ്ധം

80. കൗമുദി, ജ്യോത്സന എന്നിവ ഏതിന്റെ പര്യായപദങ്ങളാണ് ?

A) പൂവ് B) മഴ C) നിലാവ് D) ഭൂമി

81. ‘उद्योग’ में कौन–सा उपसर्ग लगा है ?

A) उत्

B) उद्

C) उ

D) उन

82. निम्नलिखित में से कौन–सा शब्द व्यक्तिवाचक संज्ञा है ?

A) मानव

B) बचपन

C) पर्वत

D) हिमालय

83. निम्न में से तद्भव शब्द कौन–सा है ?

A) आग

B) अश्रु

C) कमल

D) उज्जवल

84. निम्नलिखित में से किसमें सम्प्रदान कारक का प्रयोग हुआ है ?

A) पेड़ से पत्ता गिरा

B) गोपाल ने गरीबों को भोजन दिया

C) राजू ने खाना खाया

D) मैं ने पुस्तक पढ़ी

85. कालिमा शब्द में किस प्रत्यय का प्रयोग हुआ है ?

A) मा

B) अ

C) इ

D) आ

86. अनेक छात्र दिल्ली चले गये । वाक्य में कौन–सा विशेषण है ?

A) अनिश्चित परिमाणवाचक

B) अनिश्चित संख्यावाचक

C) निश्चित संख्यावाचक

D) निश्चित परिमाणवाचक

87. 'SUBORDINATE' शब्द का हिंदी पारिभाषिक शब्द कौन–सा है ?

A) उत्तराधिकारी

B) सहायक

C) अधीनस्थ

D) पालनकर्ता

88. निम्न में स्त्रीलिंग शब्द कौन–सा है ?

A) दही

B) अहिंसा

C) मौन

D) वेग

89. इनमें से किस वाक्य में अकर्मक क्रिया का प्रयोग किया गया है ?

A) उसने पुस्तक पढ़ी

B) किसान फसल कर रहा है

C) राधा टी.वी. देखती है

D) मज़दूर गहरी नींद में सो रहा है

90. पेड़ शब्द का बहुवचन क्या है ?

A) पेड़

B) पेडो

C) पेडे

D) पेडों से

91. If a computer has 64KB wordlength then its memory unit has how many memory locations ?

A) 64000  B) 64524

C) 65536  D) 66176

92. Identify the commonly used Magnetic Ink Character Recognition (MICR) fonts from the list below.

i. CMC-7

ii. Helvetica

iii. E-13B

iv. Code 39

A) i and iii only  B) ii only

C) iv only  D) ii and iv only

93. The EBCDIC can represent up to how many different characters ?

A) 16  B) 256

C) 128  D) 32

94. Which of the following printer uses a physical impact while printing on paper ?

A) Inkjet Printer  B) Laser Printer

C) Dot matrix Printer  D) Thermal Printer

95. What is the octal equivalent of 255 ?

A) $(377)_8$  B) $(367)_8$

C) $(777)_8$  D) $(677)_8$

96. What is the use of shortcut key Ctrl+Shift+ > in MS-Word ?

A) Increase font size

B) Applies subscript formatting

C) Decrease font size

D) Applies superscript formatting

97. Which among the following views in MS-PowerPoint are used for organizing and rearranging slides ?

i. Normal View

ii. Slide Sorter View

iii. Reading View

iv. Slide Master View

A) Only iv
B) Only i and ii
C) Only i and iii
D) Only ii and iv

98. Which of the following function in MS-Excel is used to count cells in a range that meets specific criteria ?

A) COUNTA
B) COUNT
C) COUNTBLANK
D) COUNTIF

99. Which tab in MS-Word 2010 allows you to format text into multiple columns ?

A) Home
B) Page Layout
C) Review
D) Insert

100. Filter in MS-Excel is used for

i. Calculating formulas

ii. Extracting data that meets the defined criteria

iii. Sorting data in ascending/descending order

iv. Analyzing and managing relevant data

A) Only i
B) Only iii
C) Only ii and iv
D) Only i and iii

## Space for Rough Work

## Space for Rough Work

# 83/25 – M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

**ചോദ്യ പുസ്തക ക്രമനമ്പർ**

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. **ഈ ചോദ്യപേപ്പറിലെ 1 മുതൽ 60 വരെയുള്ള ചോദ്യങ്ങൾ ഇംഗ്ലീഷിലും ഔദ്യോഗിക ഭാഷയിലും (മലയാളം) ആയി അച്ചടിച്ചിരിക്കുന്നു. ഈ ചോദ്യങ്ങളുടെ അർത്ഥം, തർജ്ജമ എന്നിവ സംബന്ധിച്ച സംശയങ്ങൾക്ക് ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങളാണ് ആധാരമാക്കുന്നത്.**
9. ചോദ്യ പുസ്തകത്തിന്റെ അവസാന പേജിനു തൊട്ടുമുൻപ് ഒന്നും എഴുതാത്ത രണ്ട് പേജുകൾ ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
10. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
11. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
12. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
13. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
14. **നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.**

**FINAL ANSWER KEY**
**Question Paper Code:83/2025/M**
**Question Paper Medium:Malayalam**
**Category Code:378/2024,379/2024**
**Name Of Post & Department:SALES ASSISTANT GRADE II 378/2024,379/2024**
**Date Of Test:11-Jul-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | B | A | C |
| 2 | B | C | D | A |
| 3 | A | C | B | D |
| 4 | B | B | C | C |
| 5 | C | D | C | B |
| 6 | D | A | B | B |
| 7 | C | A | C | D |
| 8 | B | A | A | C |
| 9 | A | B | A | C |
| 10 | D | C | C | B |
| 11 | C | C | D | A |
| 12 | A | D | B | A |
| 13 | C | D | A | B |
| 14 | D | C | B | D |
| 15 | B | C | C | D |
| 16 | C | D | D | A |
| 17 | D | A | D | C |
| 18 | A | B | C | C |
| 19 | D | C | C | A |
| 20 | C | D | B | C |
| 21 | B | D | C | D |
| 22 | B | C | D | C |
| 23 | A | A | D | B |
| 24 | C | A | C | B |
| 25 | C | B | D | A |
| 26 | D | B | C | A |
| 27 | A | C | B | D |
| 28 | A | B | B | C |
| 29 | D | A | A | C |
| 30 | C | C | A | B |
| 31 | C | D | A | C |
| 32 | B | C | C | D |
| 33 | D | C | B | A |
| 34 | C | D | C | B |
| 35 | C | A | D | C |
| 36 | B | C | A | D |
| 37 | A | B | C | C |
| 38 | C | B | A | D |
| 39 | B | A | D | C |
| 40 | D | C | B | A |
| 41 | A | D | C | B |
| 42 | B | A | C | A |
| 43 | C | B | A | A |
| 44 | A | A | B | C |
| 45 | A | C | A | B |
| 46 | C | D | B | A |
| 47 | A | B | C | C |
| 48 | B | C | C | D |
| 49 | D | C | A | B |
| 50 | C | A | D | C |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | C | B | B |
| 52 | D | D | A | A |
| 53 | B | C | C | B |
| 54 | A | D | A | A |
| 55 | C | B | C | C |
| 56 | D | A | D | A |
| 57 | C | B | C | C |
| 58 | A | A | D | D |
| 59 | B | C | B | C |
| 60 | A | A | A | D |
| 61 | A | A | A | C |
| 62 | B | D | B | C |
| 63 | C | C | A | A |
| 64 | C | D | B | D |
| 65 | A | A | A | C |
| 66 | B | B | D | D |
| 67 | C | A | C | A |
| 68 | D | B | C | B |
| 69 | A | C | C | A |
| 70 | D | C | D | B |
| 71 | C | A | B | B |
| 72 | A | C | C | D |
| 73 | A | B | B | C |
| 74 | C | C | C | A |
| 75 | B | B | C | B |
| 76 | D | C | A | C |
| 77 | B | C | B | A |
| 78 | C | A | D | C |
| 79 | B | B | A | B |
| 80 | C | D | C | C |
| 81 | A | D | D | A |
| 82 | D | A | B | B |
| 83 | A | C | A | D |
| 84 | B | B | D | A |
| 85 | D | A | D | C |
| 86 | B | D | A | B |
| 87 | C | D | A | A |
| 88 | B | B | B | D |
| 89 | D | A | C | D |
| 90 | A | B | B | B |
| 91 | C | B | B | B |
| 92 | A | C | D | C |
| 93 | B | B | A | B |
| 94 | C | C | A | D |
| 95 | A | B | B | C |
| 96 | A | D | C | A |
| 97 | B | C | B | A |
| 98 | D | A | C | A |
| 99 | B | A | C | B |
| 100 | C | A | A | C |

'X' denotes deletion

Approved For Publication
Sd/-
Section officer